# എൽ ബി എസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി ഫോർ വിമൺ

## പൂജപ്പുര തിരുവനന്തപുരം

നമ്പർ. P1-837/15/LBSITW

തീയതി :28/04/2023

## ലഘുദർഘാസ് / ലേല നോട്ടീസ്

എൽ. ബി. എസ്. സെന്ററിന്റ ഉടമസ്ഥതയിലുള്ളതും ഇപ്പോൾ പൂജപ്പുര എൽ. ബി. എസ്. ഐ. റ്റി. ഡബ്ല്യൂ കാമ്പസിൽ പാർക്ക് ചെയ്തിരിക്കുന്നതുമായ താഴെ പറയുന്ന വാഹനങ്ങൾ ഇപ്പോൾ നിലവിലുള്ള അവസ്ഥയിൽ ദർഘാസ് സ്വീകരിച്ച് പരസ്യമായി ലേലം ചെയ്യുന്നു.

| ക്രമ നം | വാഹനത്തിന്റ വിവരം | രജിസ്ട്രേഷൻ നമ്പർ | വർഷം | നിരത ദ്രവ്യം | ലേല തീയ്യതിയും സമയവും |
|---|---|---|---|---|---|
| 1 | മാരുതി എസ്റ്റീം കാർ | KL 01 T 3965 | 2000 | 5000/- | 08/05/2023 2.30 p.m |
| 2 | "Ford Fiesta" കാർ | KL 01 AM 4016 | 2006 | 5000/- | |
| 3 | "Ashok Leyland" ബസ് | KL 01 F 8978 | 1995 | 5000/- | |
| 4 | "Ashok Leyland" ബസ് | KL 01 D 6575 | 1993 | 5000/- | |

മുദ്രവച്ച ക്വട്ടേഷനുകൾ നിരതദ്രവ്യമുൾപ്പെടെ പ്രിൻസിപ്പാൾ എൽ. ബി. എസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി ഫോർ വിമൺ പൂജപ്പുര എന്ന വിലാസം എഴുതി 08/05/2023 തീയതി പകൽ 1 മണിക്ക് മുൻപായി എൽ. ബി. എസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി ഫോർ വിമൺ പൂജപ്പുര ഓഫീസിൽ ഏൽപ്പിക്കേണ്ടതാണ്. 08/05/2023 ന് പകൽ 2.30 മണിക്ക് എൽ. ബി. എസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി ഫോർ വിമൺ പൂജപ്പുര വച്ച് ലേല നടപടികൾ ആരംഭിക്കുന്നതാണ്.

**നിബന്ധനകൾ**

1. ക്വട്ടേഷൻ സമർപ്പിക്കുവാൻ താൽപര്യമുള്ള വ്യക്തികളുടെ തിരിച്ചറിയൽ രേഖ ഉൾപ്പെടെ ക്വട്ടേഷൻ ഉള്ളടക്കം ചെയ്ത കവർ, **പ്രിൻസിപ്പാൾ എൽ. ബി. എസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി ഫോർ വിമൺ പൂജപ്പുര തിരുവന്തപുരം-12** എന്ന മേൽ വിലാസം എഴുതി 08/05/2023 പകൽ 1 മണിക്ക് മുൻപായി എൽ ബി എസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി ഫോർ വിമൺ പൂജപ്പുര ഓഫീസിൽ സമർപ്പിക്കേണ്ടതാണ്.
2. ലേലം ചെയ്യുന്ന മേൽ പറഞ്ഞിരിക്കുന്ന വാഹനങ്ങൾ പ്രവർത്തി ദിവസങ്ങളിൽ രാവിലെ 9 മണി മുതൽ വൈകുന്നരം 4 മണിവരെയുള്ള സമയത്ത് നേരിട്ട് പരിശോധിക്കാവുന്നതാണ്.
3. നിരതദ്രവ്യതുകയായി 5000/- രൂപ **പ്രിൻസിപ്പാൾ എൽ. ബി. എസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി ഫോർ വിമൺ പൂജപ്പുര** മാറാവുന്ന ഡിമാന്റ് ഡ്രാഫ്റ്റ് ആയി ക്വട്ടേഷനോടൊപ്പം മറ്റൊരു കവറിൽ സമർപ്പിക്കേണ്ടതാണ്.
4. ക്വട്ടേഷനുകൾ, ലേലനടപടി ക്രമങ്ങളുടെ കൂടെ തുറക്കുന്നതാണ്. കവറിനുപുറത്ത വാഹനത്തിന്റ നമ്പർ രേഖപ്പെടുത്തേണ്ടതാണ്.

5. മേൽ പറഞ്ഞ പ്രകാരം നിരത ദ്രവ്യം അടക്കം ചെയ്യാത്ത ക്വട്ടേഷനുകൾ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല.
6. പരസ്യ ലേലത്തിൽ പങ്കെടുക്കുന്ന വ്യക്തികൾ ലേലം ആരംഭിക്കുന്നതിനു മുൻപ് നിരതദ്രവ്യതുക Rs.5000/-യും **(ഓരോ വാഹനത്തിനും)** ഒറിജിനൽ തിരിച്ചറിയൽ രേഖയും നൽകേണ്ടതാണ്.
7. ഏറ്റവും കൂടുതൽ തുക ലേലത്തിലൂടെയോ, ലേലത്തിനു മുൻപ് സമർപ്പിച്ച ക്വട്ടേഷനുകളിലോ ഏതാണ് കൂടുതൽ എന്നത് നോക്കി ലേലം പ്രിൻസിപ്പാളിനെ അനുമതിയ്ക്കു വിധേയമായി ഉറപ്പിക്കുന്നതാണ് (GST 18%).
8. ലേലം കൊള്ളുന്ന വ്യക്തി ലേലം കൊണ്ട തുകയുടെ 50% ഉടൻ തന്നെ ഓഫീസിൽ അടയ്ക്കേണ്ടതും രസീതു കൈപ്പറ്റേണ്ടതുമാണ്. ലേലം വഴിയോ, ക്വട്ടേഷൻ വഴിയോ ഏറ്റവും കൂടിയതുക രേഖപ്പെടുത്തിയ വ്യക്തി ലേലം സ്ഥിരപ്പെടുത്തി ഉത്തരവു ലഭിച്ച് 2 ദിവസത്തിനകം ലേലത്തുകയുടെ ബാക്കി അടച്ചശേഷം സാധനങ്ങൾ സ്വന്തം ചെലവിൽ തൽസ്ഥാനത്തു നിന്ന് നീക്കം ചെയ്യേണ്ടതാണ്.
9. ലേലം കൈക്കൊണ്ട വ്യക്തി ഏതെങ്കിലും തരത്തിൽ വീഴ്ച വരുത്തുകയാണെങ്കിൽ സ്ഥാപനത്തിനുണ്ടാകുന്ന നഷ്ടം ലേലം കൈക്കൊണ്ട വ്യക്തിയിൽ നിന്നും വസൂലാക്കുന്നതാണ്. പ്രസ്തുത ലേലം 2-ാം സ്ഥാനക്കാരന് യാതൊരു കാരണവശാലും സ്ഥിരപ്പെടുത്തി നൽകുന്നതല്ല. തുടർ ലേലത്തിലൂടെയോ,പുനർ ലേലത്തിലൂടെയോ മാത്രമായിരിക്കും ലേലം ഉറപ്പിക്കുക.
10. എൽ ബി എസ് സെന്റർ/ കോളേജ് എന്നിവിടങ്ങളിലെ ജീവനക്കാരോ അവരുടെ ബന്ധുക്കളോ ഈ ലേലത്തിൽ പങ്കുചേരുവാൻ പാടുള്ളതല്ല. ലേലത്തിൽ പങ്കെടുക്കുന്നവർ അവരുടെ ഐഡന്റിറ്റി തെളിയിക്കുന്ന രേഖയും കരുതിയിരിക്കേണ്ടതാണ്.
11. ഏതെങ്കിലും തരത്തിലുള്ള സ്വാധീനം ഉപയോഗിക്കുന്നതും, ലേലത്തിൽ പങ്കെടുക്കുന്നവരെ ഏതെങ്കിലും തരത്തിൽ തടസ്സപ്പെടുത്തുന്നതും ആയവരുടെ നിരതദ്രവ്യം കണ്ടുകെട്ടുന്നതിന് കാരണമാകും.
12. ലേല നടപടി യാതൊരു മുന്നറിയിപ്പും കൂടാതെ നിർത്തിവയ്ക്കുന്നതിന് പ്രിൻസിപ്പലിന് അധികാരമുണ്ടായിരിക്കുന്നതാണ്.

LBS INSTITUTE OF TECHNOLOGY FOR WOMEN THIRUVANANTHAPURAM-695012

**പ്രിൻസിപ്പാൾ**